**പോലീസ് വകുപ്പ്**

**കേരളം**

**No. G2-41509/2022/CC**

സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
✉cpkkd.pol@kerala.gov.in
✆04952722673
തീയതി. 21-01-2023

**പുനർ ലേലപരസ്യം**

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ മലാപ്പറമ്പിലെ ക്യാമ്പ് ഓഫീസ് പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന പഴയ ഓടുകളും (MP Tiles), ഓടിൻ കഷ്ണങ്ങളും 14/12/2022 തീയതി പകൽ 11 മണിക്ക് ക്യാമ്പ് ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് നീക്കാൻ നിശ്ചയിച്ചിരുന്നു.

എന്നാൽ നിശ്ചയിച്ച വിലക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ നിശ്ചയിച്ച പ്രകാരം ലേലം നടത്താൻ സാധിച്ചില്ല. മേൽ സാഹചര്യത്തിൽ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ മലാപ്പറമ്പിലെ ക്യാമ്പ് ഓഫീസ് പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന പഴയ ഓടുകളും (MP Tiles), ഓടിൻ കഷ്ണങ്ങളും നീക്കം ചെയ്യുന്നതിനുള്ള പുനർ ലേലം 15/02/2023 തീയതി പകൽ 11 മണിക്ക് ക്യാമ്പ് ഓഫീസ് പരിസരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാവേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ **Rs. 3,300/- (മൂവായിരത്തി മുന്നൂറ് രൂപ മാത്രം)** ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ചതിൻറെ Demand Draft സഹിതം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ 05/02/2023 തീയതി വൈകീട്ട് 5 മണിവരെ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിന് പുറത്ത് **"പോലീസ് ഡിപ്പാർട്ട്മെൻറ് വക"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലത്തിന് കൃത്യ സമയത്ത് ഹാജരാവേണ്ടതാണ്. പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ, ദർഘാസിലോ എതിലാണോ തുക കൂടുതൽ വരുന്നത് ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം തൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേലത്തുകയുടെ പകുതിയും(നിരത ദ്രവ്യം കിഴിച്ച്) 18% GST യും ഉൾപ്പെടെ മുഴവൻ തുകയും അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം സാധനങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തികിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാറിലേക്ക് മുതൽകൂട്ടുന്നതും മേൽ സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുകയുമില്ല.

മേൽ സൂചിപ്പിച്ച സാധനങ്ങൾ പരിശോധിക്കണമെങ്കിൽ 10/02/2023 തീയതി വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലതീയതി മാറ്റിവക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അവകാശം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

രാജ്പാൽ മീണ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും വ്യാപക പരസ്യം ചെയ്യുന്നതിനായി. 2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോടിന് പത്ര പരസ്യം ചെയ്യുന്നതിനായി. 3. കോഴിക്കോട് സിറ്റി കൺട്രോൾ റൂം ACP ക്ക് വ്യാപക പരസ്യം ചെയ്യുന്നന്നതിന്, ജില്ലാ ഇൻഫർമേഷൻ ഓഫീസുമായി ബന്ധപ്പെട്ട് പത്രപരസ്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ടി പത്രപരസ്യത്തിന്റെ ഒരു പകർപ്പ് ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതാണ്. |
| പകർപ്പ് | : | 1. കോഴിക്കോട് സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും ലേല പരസ്യം നോട്ടീസ് ബോർഡിലെ പതിക്കുന്നതിനായി. 2. ലയ് സൻ ഓഫീസർ, CPO കോഴിക്കോട് സിറ്റിക്ക് അനന്തര നടപടികൾക്കായി. |

Internal Administrative Processing System
iAPS
KERALA POLICE